പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4844 | 19.05.2017 ന് മറുപടിയ്ക്ക്.

## പുതിയതായി ആരംഭിച്ച ഐ.ടി.ഐ.കൾ

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ.കെ.വി.വിജയദാസ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ.റ്റി.ഐ കൾ പുതിയതായി ആരംഭിച്ചിട്ടുണ്ട്; ഓരോ ഐ.റ്റി.ഐ കളുടെയും മണ്ഡലം തിരിച്ചുള്ള വിശദവിവരം നൽകുമോ; ഓരോന്നിനും എതെല്ലാം കോഴ്സുകളാണ് ലഭിച്ചിട്ടുള്ളത് എന്ന വിശദ വിവരം നൽകുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഒരു ഐ.ടി.ഐ പുതുതായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ഐ.ടി.ഐ യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്കൽ അഗ്രിക്കൾച്ചറൽ മെഷിനറി എന്നീ കോഴ്സുകളുടെ രണ്ട് യൂണിറ്റുകൾ വീതം അനുവദിച്ചിട്ടുണ്ട്. |
| (ബി) ഒരു ഐ.റ്റി.ഐ അനുവദിക്കുന്നതിന് നിലവിൽ എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ചു വരുന്നത്;വിശദവിവരം നൽകുമോ? | (ബി) ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഐ.ടി.ഐ സ്ഥാപിക്കാനാവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കണമെന്ന നിബന്ധനയിലാണ് ഐ.ടി.ഐ കൾ അനുവദിച്ച് വരുന്നത്. ആയതിനുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പ്രമേയം, സമ്മത പത്രം (മുദ്രപ്പത്രത്തിൽ) എന്നിവ ലഭ്യമാക്കേണ്ടതാണ്. കൂടാതെ, ഐ.ടി.ഐയ്ക്ക് സ്ഥലം ലഭ്യമായി കെട്ടിടം നിർമ്മിക്കുന്നതുവരെ, ഐ.ടി.ഐ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ താൽക്കാലിക സംവിധാനം (കെട്ടിടം, ജലം, വൈദ്യുതി, ഗതാഗത സൗകര്യം മുതലായവ) സൗജന്യമായി ലഭ്യമാക്കാമെന്നുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള സമ്മതപത്രവും ലഭ്യമാക്കേണ്ടതാണ്. ടി വിഷയത്തിൽ, സാധ്യതാ പഠനം നടത്തുന്നതിന് വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും, ടിയാന്റെ റിപ്പോർട്ട് പരിശോധിച്ച് വിശദമായ ശിപാർശ സർക്കാർ പരിഗണനയ്ക്കും അനുമതിയ്ക്കുമായി സമർപ്പിക്കുകയും സർക്കാർ ആയത് പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുകയും ചെയ്യുന്നു. |

Bindu

സെക്ഷൻ ഓഫീസർ